# കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

## വൈജ്ഞാനിക സാഹിത്യ ശിൽപ്പശാല 2022

### സമീപന രേഖ (കരട്)

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനെ ജ്ഞാനസമൂഹവുമായി കൂടുതൽ ബന്ധിപ്പിച്ച് വൈജ്ഞാനികകേന്ദ്രമായി വികസിപ്പിക്കാനാവശ്യമായ കർമപദ്ധതി തയ്യാറാക്കുന്നതിനാണ് 2022 ജൂൺ 15, 16 തീയതികളിൽ (ബുധൻ, വ്യാഴം) തിരുവനന്തപുരത്ത് വൈലോപ്പിള്ളി സംസ്കൃതിഭവനിൽ വെച്ച് വൈജ്ഞാനിക സാഹിത്യ ശിൽപ്പശാല നടത്താൻ തീരുമാനിച്ചിരിക്കുന്നത്. ഭാഷാ മാനകീകരണം, സംസ്കാരപഠനം / ലിംഗ പദവിപഠനങ്ങൾ, ഭൗതികശാസ്ത്രം, സാമൂഹികശാസ്ത്രം, പബ്ലിഷിംങ്, പ്രകൃതി ശാസ്ത്രം, ഭാഷാശാസ്ത്രം, വിവർത്തനം, സാങ്കേതികശാസ്ത്രം എന്നീ മേഖലകളിലായി അക്കാദമിക് വിദഗ്ധരും അധ്യാപകരും, ഗവേഷകരും എഴുത്തുകാരും ഇതിൽ പങ്കാളികളാവും. ശിൽപ്പശാലയുടെ ആലോചനാ വിഷയങ്ങൾ താഴെ സൂചിപ്പിക്കുന്ന പ്രകാരമായിരിക്കും.

1. ആധുനിക വിജ്ഞാനത്തിന്റെ സകല മേഖലകളും കൈകാര്യം ചെയ്യാൻ മലയാളത്തെ പ്രാപ്തമാക്കുക.

2. ഇൻസ്റ്റിറ്റ്യൂട്ട് അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ ഏറെ മുന്നോട്ടു പോയെങ്കിലും അപര്യാപ്തതകൾ ഇല്ലെന്നവകാശപ്പെടാനാവില്ല. വൈജ്ഞാനിക ശബ്ദാവലികളെ ഭാഷക്ക് പരിചയപ്പെടുത്തലും പ്രയോഗത്തിലൂടെ അതിനെ ഉറപ്പിക്കലും നിഘണ്ടു നിർമാണം, വൈജ്ഞാനിക വികാസത്തെ വിവർത്തനത്തിലൂടെ ഭാഷയിൽ എത്തിക്കൽ, പാഠപുസ്തകങ്ങളുടെയും സഹായക ഗ്രന്ഥങ്ങളുടെയും നിർമാണം, വിജ്ഞാനത്തെ ജനകീയവൽക്കരിക്കാനുള്ള ഇടപെടലുകൾ - അങ്ങിനെ ഇനിയും ശക്തിപ്പെടുത്തേണ്ട പ്രവർത്തനങ്ങൾ.

3. വൈജ്ഞാനികരംഗത്തെ മഹാ വിസ്ഫോടനങ്ങൾ വിജ്ഞാനത്തെ ഒരു സാമൂഹിക ചാലകശക്തി മാത്രമല്ല സാമ്പത്തികശക്തി കൂടി ആക്കി മാറ്റിയിരിക്കുന്നു. ഈ സാഹചര്യത്തിൽ അറിവിന്റെ ഉൽപ്പാദനം, കൈമാറ്റം, ഉപയോഗം എന്നീ വിഷയങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാവി സാധ്യതകൾ, ഈ രംഗത്തെ സാധ്യതകളെ കൂടുതൽ ഉപയോഗപ്പെടുത്താനുള്ള സ്ഥാപനത്തിന്റെ ശേഷി.

4. വിവരസാങ്കേതിക വിദ്യയിലുണ്ടായ വികാസത്തെ, കേരളത്തിന്റെ തന്നെ വളർച്ചയ്ക്കായി പ്രയോജനപ്പെടുത്തുന്ന ഇൻഫർമേഷൻ കേരള മിഷൻ പോലെയുള്ള പ്രതീക്ഷാനിർഭരമായ പദ്ധതികളെ പ്രയോജനപ്പെടുത്താനുള്ള മാർഗങ്ങൾ.

(മറുപുറം)

5. അച്ചടിയിൽനിന്ന് ഡിജിറ്റൽ സാങ്കേതികവിദ്യയിലേക്ക് പരിവർത്തിച്ച പുസ്തകങ്ങളുടെയും വായനയുടെയും ലോകത്തെ എങ്ങിനെ അഭിമുഖീകരിക്കാം?

ഇ-ബുക്കുകളുടെ കാലത്തേക്കുള്ള ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രയാണം.

6. പുതിയ ജ്ഞാനവിഷയങ്ങളുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ മലയാളത്തിൽ ലഭ്യമാക്കാൻ ഇന്ത്യയിലും പുറത്തും ഉള്ള അക്കാദമിക് വിദഗ്ധരുടെ സഹായം പ്രയോജനപ്പെടുത്താനുള്ള സാധ്യതകളും അതിനുള്ള കർമപദ്ധതികളും.

7. സർവകലാശാലാതലത്തിലുള്ള പാഠപുസ്തകങ്ങളും സഹായകഗ്രന്ഥങ്ങളും മലയാളത്തിലും ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് കാര്യമായ യാതൊരു പുരോഗതിയും ഉണ്ടാകാത്ത സാഹചര്യത്തിൽ ആ മേഖലയിലെ ഇടപെടലുകൾക്ക് എങ്ങിനെ പ്രാധാന്യം നൽകാം എന്ന ആലോചന.

സർവകലാശാലാ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങളെ ഉൾപ്പെടുത്തി ഇതിനായുള്ള കാര്യനിർവാഹക സംഘങ്ങൾ രൂപീകരിക്കുന്നതിന്റെ സാധ്യത.

8. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ പരിഭാഷകരുടെ വിപുലമായ ഒരു കൂട്ടായ്മ രൂപീകരിക്കാനുള്ള സാധ്യത.

9. പ്രസാധനരംഗത്ത് മാത്രം ഒതുങ്ങാതെ മറ്റ് മേഖലകളിലേക്കും പ്രവർത്തനം വ്യാപിപ്പിക്കൽ. പുസ്തക പ്രസാധനത്തിൽ ഒരു സർട്ടിഫിക്കറ്റ് / ഡിപ്ലോമ കോഴ്സ് രൂപകൽപ്പന ചെയ്യാനുള്ള സാധ്യത.

10. കേന്ദ്ര സാഹിത്യ അക്കാദമി, നാഷണൽ ബുക്ക് ട്രസ്റ്റ്, സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് തുടങ്ങിയ സ്ഥാപനങ്ങളുമായി ചേർന്ന് ഏറ്റെടുക്കാൻ സാധിക്കുന്ന പദ്ധതികൾ.

11. മറ്റു കാമ്പസ്സുകളുമായി (സർവകലാശാലകളും കോളജുകളും) ചേർന്ന് സെമിനാറുകൾ സംഘടിപ്പിക്കുന്നതിന്റെ സാധ്യതകൾ. അതിനായി ഒരു റിസർച്ച് ഓഫീസർക്ക് പ്രത്യേക ചുമതല.

12. പരമ്പരാഗത എഴുത്തുകാരെ മാത്രമല്ല പുതിയ എഴുത്തുകാരെയും ആകർഷിക്കാനാവുന്ന തരത്തിലുള്ള ഇടപെടലുകൾ. അറിവിന്റെ നിർമാണത്തിലേക്ക് നയിക്കുന്ന പുസ്തകങ്ങൾ എന്ന ലക്ഷ്യവും മലയാളം കമ്പ്യൂട്ടിങും.